**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2713** **13-10-2021 - ൽ മറുപടിയ്ക്ക്**

**പടവുകൾ ദ്വൈവാരിക.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി ക്ഷേമ വകുപ്പ് പ്രസിദ്ധീകരിക്കുന്ന "പടവുകൾ" ദ്വൈവാരിക യഥാസമയം പ്രസിദ്ധീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | കോവിഡ്-19 രോഗ വ്യാപനത്തെ തുടർന്ന് 2021 മേയ് മുതൽ 2021 ആഗസ്റ്റ് വരെയുള്ള കാലയളവിൽ രണ്ട് ലക്കങ്ങൾ പ്രസിദ്ധീകരിച്ചിട്ടില്ല. 2021 സെപ്റ്റംബർ മുതൽ പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ലക്കങ്ങൾ പ്രസിദ്ധീകരിച്ചിരുന്നുവെന്നും ഓരോ ലക്കവും എത്ര കോപ്പിയാണ് അച്ചടിക്കുന്നതെന്നും ഒരു ലക്കം അച്ചടിക്കുന്നതിനുള്ള ചെലവ് എത്ര രൂപയാണെന്നും ഇവ വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ; | (ബി) | 23 ലക്കങ്ങൾ പ്രസിദ്ധീകരിച്ചു. ഓരോ ലക്കവും 10,000 കോപ്പികൾ വീതമാണ് അച്ചടിക്കുന്നത്. 2,86,944/- (രണ്ട് ലക്ഷത്തി എൻപത്തി ആറായിരത്തി തൊള്ളായിരത്തി നാൽപത്തി നാല്) രൂപയാണ് ഒരു ലക്കം അച്ചടിക്കുന്നതിനുള്ള ചെലവ്. ജില്ലാ/ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകൾ വഴിയും എസ്.സി പ്രൊമോട്ടർമാർ വഴിയുമാണ് വിതരണം നടത്തി വരുന്നത്. |
| (സി) | ഇതിന്റെ അച്ചടി ഏതു സ്ഥാപനമാണ് നടത്തുന്നത്; മത്സരാധിഷ്ഠിത ടെണ്ടറിലൂടെയാണോ ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്; ഈ സ്ഥാപനം യഥാസമയം അച്ചടി പൂർത്തിയാക്കി നൽകാറുണ്ടോ; ഇല്ലെങ്കിൽ ഈ സ്ഥാപനത്തെ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;വിശദാംശം നൽകാമോ; | (സി) | സി-ആപ്റ്റ് മുഖേനയാണ് അച്ചടിക്കുന്നത്. സർക്കാർ സ്ഥാപനമായതിനാൽ ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല. യഥാസമയം അച്ചടിച്ച് നൽകാറുണ്ട്. |
| (ഡി) | ഇപ്പോൾ അച്ചടി ഏറ്റെടുത്തിട്ടുള്ള സ്ഥാപനം മറ്റൊരു അച്ചടി സ്ഥാപനത്തിന് കരാർ മാറ്റി നൽകുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | മികച്ച ഗുണനിലവാരത്തിൽ സമയബന്ധിതമായി സാമ്പത്തിക ലാഭത്തിൽ മാസിക അച്ചടിച്ചു കിട്ടുന്നതിന്, മത്സരാധിഷ്ഠിത ടെണ്ടറിലൂടെ കരാർ നൽകുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ